LIBRARY ARCHIVES Kerala Legislative Assembly

രൂപകൽപ്പന ചെയ്യുന്നത്. ഹരിത നിർമ്മാണ രൂപകൽപ്പനയിൽ പരിശീലനം നേടിയ ആർക്കിടെക്ടുമാരും സാങ്കേതിക ജീവനക്കാരും പൊതുമരാമത്ത് വകുപ്പിലുണ്ട്. നിലവിലുള്ള എല്ലാ കെട്ടിടനിർമ്മാണ ചട്ടങ്ങളും അഗ്നിസുരക്ഷാ ചട്ടങ്ങളും ഹെറിറ്റേജ് നിയമങ്ങളുമൊക്കെ പാലിച്ചുകൊണ്ട് ഭിന്നശേഷി സൗഹൃദമായാണ് എല്ലാ കെട്ടിടങ്ങളുടെയും രൂപകൽപ്പന നിർവ്വഹിച്ചുവരുന്നത്. പുതിയ നിർമ്മാണ രീതികളിൽ അറിവ് നേടുന്നതിനായി പല പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. പബ്ലിക് ആർക്കിടെക്ചർ എന്ന ആശയത്തെ അന്വർത്ഥമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിലാണ് എല്ലാ രൂപരേഖകളും തയ്യാറാക്കുന്നത്.

ആലപ്പുഴ ദന്തൽ കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം

9(4019) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ദന്തൽ കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

4 കോടി രൂപ (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് അഡീഷണൽ ഓതറൈസേഷൻ വേണ്ടിവരുന്ന സാഹചര്യം എന്തെന്ന് വിശദമാക്കാമോ?

7380m² അളവിൽ മൂന്ന് നിലകളുള്ള കെട്ടിടമാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. എന്നാൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. അതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) അഡീഷണൽ ഫണ്ട് ലഭിക്കുന്നതിനായി നൽകിയ ഫയലിന്റെ നിലവിലെ സ്ഥിതി എന്തെന്ന് ഫയലിന്റെ നമ്പർ സഹിതം വ്യക്തമാക്കാമോ?

13.5 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗവൺമെന്റ് ഡെന്റൽ കോളേജ് പ്രിൻസിപ്പാളിന് സമർപ്പിച്ചിട്ടുണ്ട്. (AB1/ 470/2018 നമ്പർ ഫയൽ)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെട്ടിടനിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പുതിയ കെട്ടിടത്തിനെ മൂന്ന് ബ്ലോക്കുകളായി തിരിച്ച് ലഭ്യമായ ഭരണാനുമതി തുക ഉപയോഗിച്ച് ഒരു ബ്ലോക്കിന്റെ നിർമ്മാണം നടത്തുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

മഞ്ചേശ്വരം ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജ് കെട്ടിടം

10(4020) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി പി.ഡബ്ല്യു.ഡി. മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജ് കെട്ടിടത്തിന്റെ പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) 2019-20 ബഡ്ജറ്റിലെ അനുബന്ധം II, വാല്യം II പേജ് നമ്പർ 82, ഇനം നമ്പർ 1751 പ്രകാരം 300 ലക്ഷം (മുന്നൂറ് ലക്ഷം മാത്രം) രൂപയുടെ എസ്റ്റിമേറ്റ് കോളേജ് പ്രിൻസിപ്പൽ മുഖാന്തരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മഞ്ചേശ്വരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ; പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) മഞ്ചേശ്വരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.